Spl Cell/E9/459/2018(1)

സാമൂഹ്യനീതി ഡയറക്ടറുടെ കാര്യാലയം,
വികാസ് ഭവൻ, തിരുവനന്തപുരം,
തീയതി. 24- 01 - 2018

# പരിപത്രം

വിഷയം : സാമൂഹ്യ നീതി വകുപ്പ്- ഡിപിസി (ലോവർ) - ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് I തസ്തികയിലെ നിയമനം - ഓപ്ഷനും കോൺഫിഡൻഷ്യൽ റിപ്പോർട്ടും ആവശ്യപ്പെടുന്നത് - സംബന്ധിച്ച്

സൂചന:

കേരളാ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട സാമൂഹ്യ നീതി വകുപ്പിലെ ജൂനിയർ സൂപ്രണ്ട് വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് കേരളാ മിനിസ്റ്റീരിയൽ സർവ്വീസ് ചട്ടപ്രകാരം സീനിയർ സൂപ്രണ്ട് തസതികയിലേക്ക് ഉദ്യോഗക്കയറ്റവും കേരളാ സോഷ്യൽ വെൽഫെയർ സർവ്വീസ് വിശേഷാൽ ചട്ടം കാറ്റഗറി 8 ൽ ഉൾപ്പെടുന്ന ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-1/ ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ്-1/ ഡെപ്യൂട്ടി സൂപ്രണ്ട് കം ഹെഡ്മാസ്റ്റർ ഗ്രേഡ്-1/ റീജിയണൽ ഡൗറി പ്രൊഹിബിഷൻ ആഫീസർ എന്നീ തസ്തികകളിലേക്ക് ബൈട്രാൻസ്ഫർ നിയമനവും അനുവദനീയമാണ്. കാറ്റഗറി 8 ൽ ആകെയുള്ള 37 തസ്തികകളിൽ 18 തസ്തികകളിലാണ് ജൂനിയർ സൂപ്രണ്ട് തസ്തിക ഫീഡർ കാറ്റഗറിയായി നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. ജൂനിയർ സൂപ്രണ്ട് തസ്തിക ഫീഡർ കാറ്റഗറിയായുള്ള തസ്തികകളിൽ 15 എണ്ണം നിലവിൽ ഒഴിഞ്ഞുകിടക്കുകയാണ്. (മറ്റ് ഫീഡർ കാറ്റഗറികൾക്ക് അർഹതപ്പെട്ടതുൾപ്പെടെ ആകെയുള്ള 37 തസ്തികകളിൽ ഒഴിവുള്ള കാര്യാലയങ്ങളെ സംബന്ധിച്ച വിവരം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.)

മേൽ സാഹചര്യത്തിൽ കേരളാ സോഷ്യൽ വെൽഫെയർ സർവ്വീസ് വിശേഷാൽ ചട്ടപ്രകാരം കാറ്റഗറി 8 ൽ ഉൾപ്പെടുന്ന ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് 1/ ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് 1/ ഡെപ്യൂട്ടി സൂപ്രണ്ട് കം ഹെഡ്മാസ്റ്റർ ഗ്രേഡ് 1/ റീജിയണൽ ഡൗറി പ്രൊഹിബിഷൻ ആഫീസർ തസ്തികകളിലേക്ക് ബൈട്രാൻസ്ഫർ നിയമനം ആഗ്രഹിക്കുന്ന ജൂനിയർ സൂപ്രണ്ട് തസ്തികയിൽ പ്രൊബേഷൻ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള ജീവനക്കാരുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കാൻ ഓപ്ഷൻ ക്ഷണിയ്ക്കുന്നു.

കാറ്റഗറി 8 ൽ ഉൾപ്പെടുന്ന തസ്തികകളിലേയ്ക്ക് ബൈട്രാൻസ്ഫർ നിയമനം ലഭിയ്ക്കുവാൻ താൽപര്യമുള്ള ജീവനക്കാർ ഇതോടൊപ്പമുള്ള ഓപ്ഷൻ ഫോം പൂരിപ്പിച്ച്

ബന്ധപ്പെട്ട കാര്യാലയമേധാവി മേലൊപ്പ് വച്ച് ഈ പരിപത്ര തീയതി മുതൽ 10 ദിവസത്തിനുള്ളിൽ ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. ഓപ്ഷൻ സമർപ്പിയ്ക്കാത്ത ജീവനക്കാരെ സീനിയർ സൂപ്രണ്ട് തസ്തികയിലെ ഒഴിവുകളിലേക്ക് മാത്രമേ പരിഗണിക്കുകയുള്ളു എന്ന വിവരവും അറിയിക്കുന്നു.

ഇത്തരത്തിൽ ഓപ്ഷൻ സമർപ്പിക്കുന്ന മിനിസ്റ്റീരിയൽ വിഭാഗത്തിലെ ജൂനിയർ സൂപ്രണ്ടുമാർ 2015,2016,2017 വർഷങ്ങളിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ കലണ്ടർ വർഷക്രമത്തിൽ തയ്യാറാക്കി റിപ്പോർട്ടിങ്, റിവ്യൂയിങ് എന്നിവയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാക്ഷ്യപ്പെടുത്തൽ വരുത്തി 12/02/2018 നുള്ളിൽ ഈ കാര്യാലത്തിൽ ലഭ്യമാക്കേണ്ടതാണ്. ഓരോ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകളോടും ജീവനക്കാർ സെൽഫ് അസസ്മെന്റും കൂടി ഉൾപ്പെടുത്തേണ്ടതാണ്. പ്രൊബേഷൻ ഡിക്ലയർ ചെയ്ത ഉത്തരവിന്റെ പകർപ്പും പകർപ്പില്ലാത്ത പക്ഷം സേവനപുസ്തകത്തിൽ വ്യക്തിപര വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള ആദ്യപേജിന്റെയും പ്രൊബേഷൻ ഡിക്ലയർ ചെയ്ത രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുള്ള പേജിന്റെയും പകർപ്പുകൾ കാര്യാലയ മേധാവി സാക്ഷ്യപ്പെടുത്തി റിപ്പോർട്ടിനൊപ്പം സമർപ്പിയ്ക്കേണ്ടതാണ്. **അതിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്ത രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുള്ള പേജിന്റെ പകർപ്പിൽ കാര്യാലയമേധാവി ജീവനക്കാരന്റെ/ ജീവനക്കാരിയുടെ പേര് രേഖപ്പെടുത്തി ഒപ്പിടേണ്ടതാണ്.**

കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ലഭ്യമായിട്ടുണ്ട് എന്നത് ജീവനക്കാർ ഈ കാര്യാലയവുമായി ബന്ധപ്പെട്ട് ഉറപ്പുവരുത്തേതാണ്. ജീവനക്കാർ അവരവരുടെ മൊബൈൽ ഫോൺ നമ്പരുകൾ കോൺഫിഡൻഷ്യൽ റിപ്പോർട്ടിന്റെ മുകളിൽ രേഖപ്പെടുത്തേതാണ്.

ഇക്കാര്യത്തിൽ മറ്റൊരു അറിയിപ്പ് ഉണ്ടാകില്ലെന്നും ആയതിനാൽ **12/02/2018 നുള്ളിൽ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിയ്ക്കാത്ത ജീവനക്കാരെ ഒഴിവാക്കി ഡി.പി.സി (ലോവർ) കൂടുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണെന്നും അറിയിയ്ക്കുന്നു.**

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

എല്ലാ കാര്യാലയമേധാവികൾക്കും

സൂപ്രണ്ട്, ഐറ്റി സെക്ഷൻ (വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്)

# അനുബന്ധം

ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-1/ ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ്-1/ ഡെപ്യൂട്ടി സൂപ്രണ്ട് കം ഹെഡ്മാസ്റ്റർ ഗ്രേഡ്-1/ റീജിയണൽ ഡൗറി പ്രൊഹിബിഷൻ ആഫീസർ തസ്തികയിലെ ഒഴിവ് സംബന്ധിച്ച വിവരം

| ക്രമ നം | സ്ഥാപനത്തിന്റെ പേര്, ജില്ല | തസ്തിക | അഭിപ്രായം |
|---|---|---|---|
| 1 | സ്പെഷ്യൽ ഹോം ആന്റ് ചിൽഡ്രൻസ് ഹോം, തിരുവനന്തപുരം | ഡപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് 1 | |
| 2 | ആഫ്റ്റർകെയർ ഹോം, കൊല്ലം | സൂപ്രണ്ട് ഗ്രേഡ് 1 | വനിതാ സ്ഥാപനം |
| 3 | വൃദ്ധ സദനം, പത്തനംതിട്ട | സൂപ്രണ്ട് ഗ്രേഡ് 1 | |
| 4 | എച്ച്.പി.എച്ച് (വനിതകൾ), എറണാകുളം | സൂപ്രണ്ട് ഗ്രേഡ് 1 | വനിതാ സ്ഥാപനം |
| 5 | വൃദ്ധ സദനം, തൃശ്ശൂർ | സൂപ്രണ്ട് ഗ്രേഡ് 1 | |
| 6 | ആശാ ഭവൻ ( വനിതകൾ), തൃശ്ശൂർ | സൂപ്രണ്ട് ഗ്രേഡ് 1 | |
| 7 | എച്ച്.പി.എച്ച്, വയനാട് | സൂപ്രണ്ട് ഗ്രേഡ് 1 | |
| 8 | ചിൽഡ്രൻസ് ഹോം (ആൺകുട്ടികൾ), കോഴിക്കോട് | സൂപ്രണ്ട് ഗ്രേഡ് 1 | |
| 9 | ചിൽഡ്രൻസ് ഹോം (ആൺകുട്ടികൾ), കോഴിക്കോട് | ഡപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് 1 | |
| 10 | ആഫ്റ്റർ കെയർ ഹോം (വനിതകൾ), കോഴിക്കോട് | സൂപ്രണ്ട് ഗ്രേഡ് 1 | |
| 11 | ആശാ ഭവൻ ( വനിതകൾ), കോഴിക്കോട് | സൂപ്രണ്ട് ഗ്രേഡ് 1 | |
| 12 | ചിൽഡ്രൻസ് ഹോം (പെൺകുട്ടികൾ), കോഴിക്കോട് | സൂപ്രണ്ട് ഗ്രേഡ് 1 | |
| 13 | ചിൽഡ്രൻസ് ഹോം (പെൺകുട്ടികൾ), കോഴിക്കോട് | ഡപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് 1 | |
| 14 | റസ്ക്യൂ ഹോം, മലപ്പുറം | സൂപ്രണ്ട് ഗ്രേഡ് 1 | |
| 15 | വൃദ്ധ സദനം, മലപ്പുറം | സൂപ്രണ്ട് ഗ്രേഡ് 1 | |
| 16 | വൃദ്ധ സദനം, കണ്ണൂർ | സൂപ്രണ്ട് ഗ്രേഡ് 1 | |
| 17 | | മേഖലാ സ്ത്രീധന നിരോധന ഓഫീസർ,, തിരുവനന്തപുരം | |
| 18 | | മേഖലാ സ്ത്രീധന നിരോധന ഓഫീസർ, എറണാകുളം | |
| 19 | | മേഖലാ സ്ത്രീധന നിരോധന ഓഫീസർ, കോഴിക്കോട് | |

# ഓപ്ഷൻ ഫോം

30/03/2010 ലെ ജി. ഒ. (പി) നം. 23/2010/സാ.ക്ഷേ.വ. നമ്പർ ഉത്തരവ്

27/12/2012 ലെ ജി. ഒ. (പി) നം. 77/2012/സാ.നീ.വ. നമ്പർ ഉത്തരവ്

(KS&SSR Part II Rule 8)

---

സാമൂഹ്യ നീതി വകുപ്പിൽ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് ചട്ടപ്രകാരം

ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ടിക്കുന്ന

.............................................................................................

........................................(പേര്, തസ്തിക, കാര്യാലയത്തിന്റെ പേര്) എന്ന ഞാൻ കേരളാ സോഷ്യൽ വെൽഫെയർ സർവ്വീസ് വിശേഷാൽ ചട്ടത്തിലെ കാറ്റഗറി 8 ൽ ഉൾപ്പെടുന്ന ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് 1/ ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് 1/ ഡെപ്യൂട്ടി സൂപ്രണ്ട് കം ഹെഡ്മാസ്റ്റർ ഗ്രേഡ് 1/ റീജിയണൽ ഡൗറി പ്രൊഹിബിഷൻ ആഫീസർ തസ്തികയിലേക്കുള്ള ബൈട്രാൻസ്ഫർ നിയമനം ഇതിനാൽ ഓപ്റ്റ് ചെയ്യുന്നു. കാറ്റഗറി 8 ൽ ഉൾപ്പെടുന്ന മേൽ തസ്തികയിലേക്ക് എനിക്ക് ബൈട്രാൻസ്ഫർ നിയമനം ലഭിക്കുന്ന പക്ഷം കേരളാ മിനിസ്റ്റീരിയൽ സർവ്വീസ് റൂൾസിൽ ഉൾപ്പെട്ട സീനിയർ സൂപ്രണ്ട് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് ഞാൻ അവകാശവാദമൊന്നും ഉന്നയിക്കില്ല.

മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിൽ നിന്നും സോഷ്യൽ വെൽഫെയർ സർവ്വീസിലേക്ക് ബൈട്രാൻസ്ഫർ മുഖേനയുള്ള നിയമനമായതിനാൽ മാതൃ സർവ്വീസിലേക്ക് തിരികെ വരുന്നതിന് KS&SSR Part II Rule 8 ഉം അതിൻമേൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 08..02..2013 ലെ 2517/ ആർ.1/2013/ P&ARD, 18..05..2016 ലെ 6419/ ആർ.1/2016/ P&ARD സർക്കുലറുകളിലെ നിബന്ധനകളും ബാധകമാണ് എന്നതിനാൽ ഞാൻ മറ്റൊരു അവകാശവാദം ഭാവിയിൽ ഉന്നയിക്കില്ലെന്ന് സമ്മതിച്ചുകൊള്ളുന്നു.

(ഒപ്പ് )
പേര്
ഉദ്യോഗപ്പേര്, ജോലിചെയ്യുന്ന കാര്യാലയം

കാര്യാലയമേധാവിയുടെ ഒപ്പ്,
പേര്, ഉദ്യോഗപ്പേര്, കാര്യാലയം